## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4519 — 17.12. 2014 ൽ മറുപടിക്ക്.

## ബാലവേല നിർമ്മാർജ്ജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. പി. സി. വിഷ്ണുനാഥ് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് 'ബാലവേല നിർമ്മാർജ്ജനം വിദ്യാഭ്യാസത്തിലൂടെ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) അന്തർദേശീയ ബാലവേലവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി 2014 ജൂൺ 12-ാം തീയതി "ബാലവേല നിർമ്മാർജ്ജനം വിദ്യാഭ്യാസത്തിലൂടെ" എന്ന വിഷയത്തെ ആസ്പദമാക്കി തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കനകക്കുന്ന് ഓഡിറ്റോറിയത്തിൽ വച്ച് ഏകദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾ, സ്കൂൾ കുട്ടികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യാപാരി വ്യവസായി സംഘടനാപ്രതിനിധികൾ തുടങ്ങി സമൂഹത്തിലെ വിവിധ തുറകളിൽ നിന്നുമായി 300 ഓളം പേർ സെമിനാറിൽ പങ്കെടുത്തു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം; | (ബി) സാമ്പത്തിക സാമൂഹിക പരിതസ്ഥിതി മൂലം വിദ്യാഭ്യാസം ആർജ്ജിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യാസം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുന്നതിനും അതോടൊപ്പം അവരുടെ കുടുംബങ്ങളെ സാമൂഹികമായ ഉന്നതിയിലേക്ക് എത്തിക്കുന്നതിനും കഴിയും. ഇപ്രകാരം ബാലവേലയെന്ന സാമൂഹികവിപത്ത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കും. |
| (സി) സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിന് എന്തെല്ലാം കാര്യങ്ങളാണ് സെമിനാറിൽ ചർച്ച ചെയ്യുന്നത് ; | (സി) സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയാണ് കുട്ടികളെ ബാലവേലയ്ക്കയക്കാൻ കുടുംബങ്ങളെ നിർബന്ധിതമാക്കുന്നത് എന്നും കുട്ടികളെ സ്കൂളുകളിലെത്തിച്ച് വിദ്യാഭ്യാസം നൽകി അവരെ |

| | | | |
|---|---|---|---|
| | | | ഭാവിയുടെ വരദാനങ്ങളായ് വാർത്തെടുക്കാനുള്ള സമഗ്രപദ്ധതി സർക്കാർ ആവിഷ്ക്കരിക്കണമെന്ന ആശയം ചർച്ച ചെയ്തു. |
| (ഡി) | ഇതിനായി എന്തെല്ലാം തുടർ നടപടികളാണ് ഭരണതലത്തിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ബാലവേല നിർമ്മാർജ്ജനത്തിനായി തൊഴിൽവകുപ്പിലെ ഉദ്യോഗസ്ഥർ, സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥർ, പോലീസ്, ചൈൽഡ് ലൈൻ എന്നിവർ ജില്ലാ ഭരണകൂടവുമായി ചേർന്ന് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാനും ബാലവേലയ്ക്കെതിരായി സ്റ്റിക്കർ, പോസ്റ്റർ എന്നിവ ഡിസൈൻ ചെയ്ത് സ്കൂളുകൾ, ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യാനുള്ള കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളെ ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. തുടർന്ന് തൊഴിൽവകുപ്പിന്റെ നേതൃത്വത്തിൽ ബാക്കി ജില്ലകളിൽ കൂടി പരിശോധന കർശനമാക്കി ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിക്കാനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.